SJD/3827/2022 - C2

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :28-12-2022
Email -swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: സാമൂഹികനീതിവകുപ്പ് - ഡയറക്ടറേറ്റ് - കീഴ്കാര്യാലയങ്ങളിൽ ഉപയോഗിച്ചവരുന്ന വാഹനങ്ങളുടെ കരാർകാലാവധി നീട്ടുന്നത് - സംബന്ധിച്ച്.

സൂചന: വിവിധ കാര്യാലയങ്ങളിൽ നിന്നുള്ള അപേക്ഷകൾ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. സാമൂഹികനീതിവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വാഹനമില്ലാത്ത കീഴ്കാര്യാലയങ്ങളിൽ കരാറടിസ്ഥാനത്തിൽ ഒരുവർഷത്തേക്ക് വാഹനം വടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് കഴിഞ്ഞസാമ്പത്തികവർഷം അനുമതിനൽകി ഉത്തരവാകുകയും തുടർന്ന്, 2022 ഡിസംബർ മാസം 31 വരെ 26/09/2022 ലെ ഇതേനമ്പർ സർക്കുലർ പ്രകാരം കരാർകാലാവധി നീട്ടിനൽകുകയും ചെയ്തിരുന്നു. കരാർവാഹനങ്ങൾക്ക് നിലവിൽ നൽകി വരുന്ന നിരക്ക് വളരെകുറവാണെന്ന പരാതികൾ ലഭിച്ചതിനാൽ, തുക വർദ്ധിപ്പിക്കുന്നതിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ അനുമതി ലഭിച്ച് ടെണ്ടർനടപടികൾ പൂർത്തിയാക്കി വാഹനം ലഭ്യമാക്കുവാൻ ചെറിയ കാലതാമസം നേരിടാൻ സാധ്യതയുള്ളതിനാലും, ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഔദ്യോഗികവാഹനം അനിവാര്യമായതിനാലും കീഴ്കാര്യാലയങ്ങളിൽ നിലവിൽ കരാറടിസ്ഥാനത്തിൽ ഉപയോഗിച്ചുവരുന്നതും കരാർകാലാവധി കഴിയുന്നതുമായ വാഹനങ്ങൾ 2023 ജനുവരി ഒന്ന് മുതൽ 31 വരെ നിലവിലെ നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി താൽക്കാലികമായി തുടർന്നും ഉപയോഗിക്കുന്നതിനു അനുമതിനൽകുന്നു. നിലവിലെ വാഹനങ്ങൾ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന നിരക്കിൽ ഓടാൻസാധിക്കില്ല എന്നറിയിച്ചിട്ടുള്ള കാര്യാലയങ്ങളിൽ പ്രസ്തുതനിരക്കിൽ ഒരു മാസത്തേക്ക് പുതിയ ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

JALAJA.S
അഡിഷണൽ ഡയറക്ടർ &
സാമൂഹ്യനീതി ഡയറക്ടർ(i/c)

പവിത്രൻ തൈക്കണ്ടി
PEN Number: 212444
അസിസ്റ്റന്റ് ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം 695033

പകർപ്പ്:
1.ബന്ധപ്പെട്ട കീഴ് കാര്യാലയ മേധാവികൾക്ക്
2.അക്കൗണ്ട്സ്, ബിൽ സെക്ഷൻ
3. സ്റ്റോക്ക് ഫയൽ